[President]

down but from the Pericar (Periyar-Cardamom) scheme, which we and the Madras Government are contemplating in conjunction with each other, to open, and in regard to which a partnership of what may be called joint production and supply is contemplated and envisaged. Not only that, but other schemes elsewhere are also under the contemplation of Government. The points, therefore, are (*a*) that the Government are fully alive to the development of cottage industries through electric energy and (*b*) that they are equally alive to the possibilities of lift irrigation and they propose to concentrate largely upon that. In this connection it may be noticed that, although Madras is developing hydro-electric energy to a large extent, she does not utilise even an ounce of that energy for irrigation purposes. The only place in India where electrical energy has been used for agricultural purposes is the Punjab, and also possibly in the Bombay and Bengal Presidencies where sporadic and isolated experiments are carried out. But it is the intention of the Government of Travancore both in the matter of lift irrigation and in the matter of pumping to extend the scope of the work so as to help agriculture. These are the main points of policy and I trust honourable members will see that these various aspects have been kept in view by the Government.

The motion before the House is that Government be granted Rs. 59,53,915 under Demand II—Electricity and Telephone.

The motion was carried and the grant was made.

DEMAND III—PUBLIC WORKS DEPARTMENT INCLUDING WATER WORKS AND DRAINAGE.

MR. I. C. CHACKO: I rise to move for a grant of Rs. 84,40,555 under Demand III—Public Works Department including Waterworks and Drainage.

PRESIDENT: Order, order. In pursuance of the ruling I have already made, I trust that Mr. T. P. Velayudhan Pillai will speak now on the specific points which he has raised in so far as they relate to local matters.

MR. PULIYOOR T. P. VELAYUDHAN PILLAI: സർ, ദിവാൻജിയുടെ ഇപ്പോഴത്തെ പ്രസ്താവന അനുസരിച്ച്, പബ്ലിക്ക് വർക്സിനെ സംബന്ധിച്ചിടത്തോളം, ക-ം, ന-ം, ര-ം, ഖണ്ഡനോപക്ഷേപങ്ങൾ ഞാൻ എന്റെ രണ്ടാം ഉപക്ഷേപത്തോടുകൂടിത്തന്നെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. K. G. KUNJUKRISHNA PILLAI: On a point of order. Motion No. 1 is not in order.

PRESIDENT: The honourable member may start with No. 2.

Motion No. 2.

To reduce the allotment of Rs. 4,000 for travelling allowa by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

(To discuss about the delay in carrying out works provided for in the Budget for want of effective local inspection by the Chief Engineer.)

MR. PULIYOOR T. P. VELAYUDHAN PILLAI: ഈ ഖണ്ഡനോപക്ഷേപങ്ങളുടെ ഉദ്ദേശം അതിനടിയിൽതന്നെ വിവരിച്ചിട്ടുള്ളതുകൊണ്ടു സുദീർഘമായ ഒരു വിവരണം അതെ സംബന്ധിച്ചു ആവശ്യമില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, ഒന്നാമത് ബഡ്ജറ്റിൽ വർഷംതോറും ഗതാഗതസൌകര്യങ്ങൾക്കായി കൊള്ളിച്ചിട്ടുള്ള തുകകൾ ഡിപ്പാർട്ടുമെൻറിന്റെ ഉപേക്ഷയോ, അലസതയോ മൂലം മുഴുവൻ ചെലവാക്കാതെ ലാപ്സായി പോകുന്ന ഒരു പതിവുണ്ട്. രണ്ടാമത് ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ, തങ്ങളുടെ അധികാരാതിർത്തിക്കുള്ളിൽ ശരിയായി സഞ്ചരിക്കാത്തതുകൊണ്ടു, റോഡുകൾ പാലങ്ങൾ, കലുങ്കുകൾ ഇവകളുടെ ദയനീയസ്ഥിതി കണ്ടു മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നു. മൂന്നാമതായി പൊതുജനങ്ങൾതന്നെ അവരുടെ സ്വന്തം ഭൂമിയിൽ സ്വന്തം പണം ചെലവാക്കി വെട്ടിയുണ്ടാക്കിയിട്ടുള്ള റോഡുകൾ ഗവൺമെൻറു ഏറ്റെടുത്തു സംരക്ഷിക്കുന്നില്ല. കൂടാതെ ഈ അവസരത്തിൽ ഒരു കാര്യംകൂടി പ്രത്യക്ഷമാക്കണമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഉത്തരതിരുവിതാംകൂറിലും, മദ്ധ്യതിരുവിതാംകൂറിലുമാണ് പൊതുജനങ്ങൾ ഉണ്ടാക്കിയിട്ടുള്ള റോഡുകൾ ധാരാളമുള്ളതു്. അതുകൊണ്ടാണ് അവയെ ശരിയായി സംരക്ഷിക്കണമെന്നുള്ള വാദം മിക്ക മെമ്പറന്മാരും ഇവിടെ പുറപ്പെടുവിക്കാറുള്ളതു്. ഈ രണ്ടു ഭൂപ്രദേശങ്ങളിലും റോഡുകളുടെ ദൈർഘ്യം സ്ഥിതിവിവരക്കണക്കനുസരിച്ചു കൂടിയതിന്റെ കാരണം തന്നെ അവിടെ അധിവസിക്കുന്നവർ തങ്ങളുടെ സൌകര്യാർത്ഥം പണം ചെലവാക്കി കഷ്ടപ്പെട്ടു പല റോഡുകളും വെട്ടിയിട്ടുള്ളതുകൊണ്ടാണ്. പ്രത്യേകിച്ചു തിരുവല്ലാതാലൂക്കിൽ ഇങ്ങിനെ ഉണ്ടാക്കിയിട്ടുള്ള റോഡുകളുടെ സംരക്ഷണകാര്യത്തെപ്പറ്റി വർഷംതോറും വളരെ മിതമായ ഭാഷയിൽ മുറവിളികൂട്ടിക്കൊണ്ടിരുന്നിട്ടും ഇതുവരെ യാതൊരു പരിഹാരവും സിദ്ധിച്ചിട്ടില്ലെന്നുള്ള വിവരം വളരെ വ്യസനത്തോടുകൂടി ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള റോഡുകളെ ഗവൺമെൻറിലേക്ക് എടുക്കുന്നതിനുള്ള ചെലവുകളെപ്പറ്റി നോക്കാതെ, അതു് എത്രത്തോളം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നു എന്നു് ചിന്തിച്ചു് ഗവൺമെൻറു് സംരക്ഷണത്തിൽ ഏറ്റെടുക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai]

ഛ. ചെറുകോൽപ്പുഴ—റാന്നിറോഡ് (Northern side of pampa through കൊറ്റാത്തൂർ, ഇടച്ചാവൂർ)

ജ. കുന്നന്താനം—എഴുമറ്റൂർ റോഡ്

ഝ. ആലാ—ഇടവങ്കാട്ടുറോഡ്

ഞ. ആലാ—കൊട്ടകുളഞ്ഞിറോഡ്

ട. എണ്ണക്കാട്ട—പുലിയൂർറോഡ്

ഠ. വള്ളംകുളം—കല്ലിശ്ശേരിറോഡ്

ഡ. തിരുവംവണ്ടൂർ—ഇരമല്ലിക്കരറോഡ്

ഢ. കവിയൂർ—പുലിപ്പറക്കടവ്റോഡ്

ണ. കല്ലുപ്പാറ പകുതികച്ചേരി—എസ്സ്. എം. വി. റോഡ്

ഇതുയും സ്ഥലങ്ങളിലുള്ള റോഡുകൾ പൊതുജനങ്ങൾ വെട്ടിയുണ്ടാക്കിയിട്ടുള്ളവയാണ്. ഡിപ്പാർട്ടുമെൻറധികൃതന്മാർ ആ സ്ഥലങ്ങളിൽ പോയി ഈ റോഡുകൾ നേരിട്ടു കാണുകയാണെങ്കിൽ അവകളുടെ ശോച്യാവസ്ഥകളും അവകൾ സർക്കാർ സംരക്ഷണത്തിൽ എടുക്കാത്തതുകൊണ്ടു പൊതുജനങ്ങൾക്കുള്ള വലുതായ സങ്കടങ്ങളും മനസ്സിലാകുകയും അവർതന്നെ പരിഹാരം ഉണ്ടാക്കുകയും ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ക്രടാതെ ഹരിപ്പാട്ടുനിന്നും പുലിയൂരിലേക്കുള്ള റോഡിൽ ഒരു രണ്ടു മൈൽ ദൂരം (എണ്ണയ്ക്കാട്ട കടവിന്നും പുലിയൂരിന്നും ഇടയ്ക്കുള്ള ഭാഗം) ഗതാഗതസൌകര്യം ഇല്ലാതെ കിടക്കുന്നു. അല്പ ചെലവോടുകൂടി ഇതെല്ലാം നന്നാകുന്നതാണ്. ഈവക കാര്യങ്ങളേപ്പറ്റി കഴിഞ്ഞയാണ്ടിലും അതിനു മുൻപും പറയുന്ന അവസരങ്ങളിലെല്ലാം, "പാലം പണിയിച്ചുകൊള്ളാം, റോഡ് നന്നാക്കിക്കൊള്ളാം" എന്നും മറും മറുപടി പറഞ്ഞു് ചീഫ് ഇഞ്ചിനീയർ സമാധാനപ്പെടുത്തുകയാണ് പതിവു്. പൊതുജനങ്ങളുടെ ഗതാഗതസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെൻറും ചീഫ് ഇഞ്ചിനീയരവർകളും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ റോഡിൽ എണ്ണയ്ക്കാട്ടുമൂല എന്നറിയപ്പെടുന്ന സ്ഥലത്തു ഒരു ചെറിയ പാലം പണിയിക്കുകയും ഈ ഭാഗം റോഡ് സർക്കാർ സംരക്ഷണത്തിൽ എടുക്കുകയും ചെയ്യണമെന്നപേക്ഷ. ഹരിപ്പാട്ടുനിന്നും ചെങ്ങന്നൂരിലേക്കുള്ള ഗതാഗതസൌകര്യം പരിപൂർണ്ണമായി പൊതുജനങ്ങൾക്കു സിദ്ധിക്കുന്നതാണ്. വളരെ പണം സർക്കാരിൽനിന്നും വ്യയംചെയ്തു എണ്ണയ്ക്കാട്ടുകടവിൽനിന്നു പടിഞ്ഞാറുവശംവരെ റോഡ് ഗതാഗതത്തിനു സൌകര്യപ്പെടുത്തിയിട്ടുണ്ടു്. വളരെ കഴിഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും ൨ മൈൽ മാത്രം പൂർത്തിയാകാനുള്ളതിൽ ഗവമ്മെൻറിന്റെ ശ്രദ്ധ പതിയാതിരിക്കുന്നതുകൊണ്ട് യഥാർത്ഥമായ ഉദ്ദേശം സഫലമാകുന്നതിനു കാലതാമസം നേരിടുന്നു. എണ്ണയ്ക്കാട്ടുമൂല എന്ന സ്ഥലത്തുള്ള പാലം പണിയിക്കുന്നതിനു ബഡ്ജറിൽ കഴിഞ്ഞവർഷവും തുക ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിലും ഡിപ്പാർട്ടുമെൻറിന്റെ അക്ഷന്തവ്യമായ അലസത നിമിത്തം അതു അനുഭവയോഗ്യമായി വന്നില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ പാലം പണിയിക്കുന്നതിനു വളരെ ഇരിമ്പുസാമാനങ്ങൾ ആവശ്യം ഇല്ലാ. ഈയാണ്ടിലത്തെ ബഡ്ജറിൽ ഇതിലേക്കായി ഉൾപ്പെടുത്തിയിട്ടുള്ള സംഖ്യ എങ്കിലും വിനിയോഗിച്ചുപാലം പൂർത്തിയാക്കുകയും റോഡ് ഗവമ്മെൻറു സംരക്ഷണത്തിൽ എടുക്കുകയും ചെയ്യണമെന്നു അപേക്ഷിക്കുന്നു.

The Assembly adjourned at 6 P. M.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly